സഹകരണ വകുപ്പിനുവേണ്ടിയുള്ള ഇൻഷ്വറൻസ് കമ്പനി

25 (*54) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. എ. വി. അബ്ദു റഹിമാൻ ഹാജി :
ശ്രീ. നാലകത്തു സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ വകുപ്പുമായി ബന്ധപ്പെടുത്തി ഒരു ഇൻഷ്വറൻസ് കമ്പനി തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ കമ്പനിയുടെ പ്രവർത്തനം വിശദമാക്കുമോ ;

(സി) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് കൈകാര്യം ചെയ്യുന്ന ഏതെങ്കിലും മേഖലകൾ കൂടി ഇതിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഒരു ഇൻഷ്വറൻസ് കമ്പനി തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. എന്നാൽ സഹകരണ മേഖലയിൽ ഒരു ഇൻഷ്വറൻസ് സഹകരണ സംഘം രൂപീകരിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ട്.

(ബി) 1999-ലെ ഇൻഷ്വറൻസ് റഗുലേറ്ററി ആന്റ് ഡെവലപ്പ്മെന്റ് അതോറിറ്റി ആക്ടിന്റെ അടിസ്ഥാനത്തിലാണ് ഇൻഷ്വറൻസ് സഹകരണ സംഘം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ രൂപീകരണം, പ്രവർത്തനം എന്നിവ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ തിരുവനന്തപുരത്തെ സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റിലെ പ്രൊഫസർ മുകുന്ദാസിനെ സർക്കാർ നിയമിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രാരംഭ റിപ്പോർട്ട് ലഭിച്ചു കഴിഞ്ഞു. സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്, ജില്ലാ ബാങ്കുകൾ അർബൻ ബാങ്കുകൾ പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവയുടെ ഓഹരി പങ്കാളിത്തത്തോടെയാണ് ഇൻഷ്വറൻസ് സഹകരണ സംഘം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) ഏതെല്ലാം മേഖലകളാണെന്ന് അന്തിമമായി തീരുമാനിച്ചിട്ടില്ല.

പുതിയ വൈദ്യുത പദ്ധതികൾ

26 (*56) ശ്രീ. എളമരം കരീം :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. എം. എ. തോമസ് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും വൈദ്യുത മേഖല ശക്തിപ്പെടുത്തുന്നതിനും എന്തൊക്കെ നടപടികളാണ് കഴിഞ്ഞ നാല് വർഷമായി സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിൽ ഏതെല്ലാം പദ്ധതികൾ കമ്മിഷൻ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത വൈദ്യുത പദ്ധതികളിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതി വീതം ഉൽപാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഇപ്പോൾ വിവിധ പദ്ധതികളിൽ നിന്നായി എത്ര മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കുന്നുണ്ട് ;

(എഫ്) രണ്ടായിരാമാണ്ടിൽ സംസ്ഥാനത്തെ വൈദ്യുതി മിച്ച സംസ്ഥാനമായി മാറ്റുന്നതിന് സ്വീകരിച്ച നടപടി എന്തെല്ലാം ; വിശദാംശം വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും വൈദ്യുതി മേഖലയെ ശക്തിപ്പെടുത്തുന്നതിനും വേണ്ടി കഴിഞ്ഞ നാല് വർഷങ്ങളിൽ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിർമ്മാണത്തിലിരിക്കുന്ന വൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കൽ.
2. പുതിയ ജലവൈദ്യുത പദ്ധതികളും താപനിലയങ്ങളും അടിയന്തിരമായി നിർമ്മിക്കൽ.
3. പഴക്കമുള്ള ജലവൈദ്യുത പദ്ധതികളുടെ നവീകരണവും ഉൽപാദനക്ഷമത വർദ്ധിപ്പിക്കലും.
4. ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ത്വരിതപ്പെടുത്തൽ.
5. ഊർജ്ജ സംരക്ഷണ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കൽ.
6. കുറ്റമറ്റ പ്രസരണ വിതരണ ശൃംഖല സ്ഥാപിക്കൽ.
7. സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ വൈദ്യുതി ഉൽപാദന നിലയങ്ങൾ സ്ഥാപിക്കൽ.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത്.

1.	കോഴിക്കോട് താപനിലയം	128 മെ. വാ.
2.	കുറ്റ്യാടി എക്സ്റ്റൻഷൻ	50 "
3.	ബി.എസ്.ഇ.എസ്. കൊച്ചി താപനിലയം (സ്വകാര്യ മേഖല)	157 "

LIBRARY ARCHIVES Kerala Legislative Assembly

4.	ഡി. സി. പവർ ലിമിറ്റഡ്, കാസർകോട്, (സ്വകാര്യ മേഖല)	107 "
5.	കെ. പി. ബി. ലിമിറ്റഡ്, കാസർകോട്, (സ്വകാര്യ മേഖല)	20 "
6.	കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ	100 "
7.	ആതിരപ്പള്ളി	163 "
8.	ചൈനയുടെ സഹായത്തോടെ നടപ്പിലാക്കുന്ന 18 ചെറുകിട ജലവൈദ്യുത പദ്ധതികൾ	104.75 മെ. വാ.

കൂടാതെ കേന്ദ്രമേഖലയിലെ കായംകുളം എൻ. ടി. പി. സി. നിലയത്തിന്റെ (350 മെ.വാ.) നിർമ്മാണവും ഈ സർക്കാരിന്റെ കാലത്താണ് ആരംഭിച്ചത്.

(സി) ഇതിൽ കോഴിക്കോട് താപനിലയം, ബി.എസ്.ഇ.എസ്. നിലയത്തിന്റെ ഒരു യൂണിറ്റ്, കായംകുളം എൻ.ടി.പി.സി. നിലയം എന്നിവ കമ്മീഷൻ ചെയ്തിട്ടുണ്ട്. കൂടാതെ ഈ സർക്കാർ പണി ത്വരിതപ്പെടുത്തിയതിന്റെ ഫലമായി താഴെപ്പറയുന്ന പദ്ധതികൾ കമ്മീഷൻ ചെയ്യുന്നതിന് സാധിച്ചിട്ടുണ്ട്.

1.	ബ്രഹ്മപുരം	106.6 മെ. വാ.
2.	ലോവർ പെരിയാർ	180 "
3.	മാട്ടുപ്പെട്ടി	2 "
4.	കക്കാട്	50 "
5.	പെരിങ്ങൽകുത്ത് ഇടതുകര	16 "
6.	പേപ്പാറ	3 "
7.	മലമ്പുഴ	2.5 "

(ഡി) വിശദവിവരം ചുവടെ ചേർക്കുന്നു.

1.	കോഴിക്കോട് താപനിലയം	126 മെ. വാ.
2.	ബി.എസ്.ഇ.എസ്. കൊച്ചി	40.5 "
3.	കായംകുളം എൻ.ടി.പി.സി. നിലയം	350 "
4.	ബ്രഹ്മപുരം താപനിലയം	106.6 "
5.	ലോവർ പെരിയാർ	180 "
6.	മാട്ടുപ്പെട്ടി	2 "
7.	കക്കാട്	50 "
8.	പെരിങ്ങൽകുത്ത് ഇടതുകര	16 "
9.	പേപ്പാറ	3 "
10.	മലമ്പുഴ	2.5 "

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 2384.13 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുള്ള ശേഷിയുണ്ട്.

(എഫ്) നിലവിലുള്ള വൈദ്യുതി ഉൽപാദന നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയും, കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് ലഭിക്കുന്ന 464 മെ. വാ. വൈദ്യുതിയും കൂടി ചേർത്ത് വൈദ്യുതി സ്വയം പര്യാപ്തത കൈവരിച്ചിട്ടുണ്ട്. കൂടാതെ പൂർവ്വ മേഖലയിൽ നിന്നും സംസ്ഥാനത്തിന് അർഹതപ്പെട്ട 60 മെ. വാ. വൈദ്യുതിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈകൊണ്ടിട്ടുണ്ട്. കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ 16-ാം പവർ സർവ്വേ പ്രകാരം രണ്ടായിരാമാണ്ടിൽ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത 2538 മെഗാവാട്ടായാണ് കണക്കാക്കിയിരിക്കുന്നത്.

യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പദ്ധതികൾ

27 (*57) ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശമുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) യുവജനങ്ങളുടെ കായിക-കലാപരമായ കഴിവുകൾ പ്രോൽസാഹിപ്പിക്കുന്നതിന് സംഘടിപ്പിക്കുന്ന 'കേരളോൽസവം' കൂടുതൽ ആകർഷകമാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സംസ്ഥാന തലത്തിൽ വിജയിക്കുന്നവർക്ക് സംസ്ഥാന സർവ്വീസിൽ ജോലി ലഭിക്കുന്നതിന് സംവരണം ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ ?

പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ&ബി) ഉണ്ട്. പുതിയതായി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഇവയാണ് :

1. സ്റ്റേറ്റ് യൂത്ത് വോളന്റിയർ സ്കീം.
2. യൂത്ത് ഇൻഫർമേഷൻ ആന്റ് ഡോക്കുമെന്റേഷൻ സെന്റർ.
3. സ്പെഷ്യൽ എംപവർമെന്റ് പ്രോഗ്രാം.
4. ഹെൽത്ത് കെയർ ഓഫ് ദി പീപ്പിൾസ് ഗ്രൂപ്പ് ഇൻഷുറൻസ്.

(സി) സ്വീകരിച്ചിട്ടുണ്ട്. കേരളോൽസവം കൂടുതൽ ആകർഷകമാക്കുന്നതിനായി കഴിഞ്ഞ വർഷം മുതൽ ജില്ലാ-സംസ്ഥാനതല മത്സരങ്ങളിൽ വിജയിക്കുന്നവർക്ക് പ്രൈസ് മണി ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly